## ജുമുഅഃ ദിവസത്തിന്റെ മാഹാത്മ്യം

ദിവസങ്ങളിൽ ഏറ്റവും ഉത്തമമായത് ജുമുഅഃ ദിവസമാണെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. അബൂഹുറയ്റ (റ)യുടെ നിവേദനം: റസൂൽ (സ) അരുൾ ചെയ്തു: "സൂര്യനുദിച്ച ദിവസങ്ങളിൽവെച്ച് ഏറ്റവും ഉത്തമമായത് വെള്ളിയാഴ്ചയാകുന്നു. ആദം (അ) സൃഷ്ടിക്കപ്പെട്ടതും, അദ്ദേഹം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതും, അദ്ദേഹം സ്വർഗത്തിൽനിന്നു പുറത്തുകൊണ്ടുവരപ്പെട്ടതും ആ ദിവസത്തിലാണ്. വെള്ളിയാഴ്ചയല്ലാതെ ഖിയാമത്തു നാൾ സംഭവിക്കുകയില്ല."(رواه أحمد قال العراقي: صحيح)

നബി (സ) തിരുമേനി പറഞ്ഞതായി അബൂലുബാനത്തുൽ ബദ്‌രി നിവേദനംചെയ്യുന്നു: "ജുമുഅഃദിവസം ദിവസങ്ങളിൽവെച്ച് ശ്രേഷ്ഠവും ചെറിയ പെരുന്നാൾ ദിനത്തേക്കാളും ബലിപെരുന്നാൾ ദിനത്തെക്കാളും അല്ലാഹുവിങ്കൽ മഹത്ത്വമുള്ളതുമാകുന്നു. ആ ദിനത്തിൽ അഞ്ചുകാര്യങ്ങളുണ്ട്: അല്ലാഹു ആദം (അ)മിനെ സൃഷ്ടിച്ചത് അന്നാണ്; അദ്ദേഹത്തെ ഭൂലോകത്തേക്കിറക്കിയതും അന്നാണ്; ആദമിനെ അല്ലാഹു മരിപ്പിച്ചതും അന്നുതന്നെ. ആ ദിവസത്തിൽ ഒരു പ്രത്യേക സമയമുണ്ട്. പ്രസ്തുത സമയത്ത് അല്ലാഹുവിന്റെ ഒരടിമ അവനോടു വല്ലതും ചോദിക്കുന്നപക്ഷം ആ കാര്യം അല്ലാഹു അവന്നു സാധിപ്പിച്ചു കൊടുക്കാതിരിക്കയില്ല – നിഷിദ്ധമായത് ചോദിക്കരുതെന്ന് മാത്രം. ഖിയാമത്തുനാൾ സംഭവിക്കുന്നതും ആ ദിവസമായിരിക്കും. സാമീപ്യം സിദ്ധിച്ച മലക്കുകളോ ആകാശമോ ഭൂമിയോ കാറ്റുകളോ പർവതങ്ങളോ സമുദ്രമോ ഒന്നും തന്നെ ജുമുഅഃ ദിവസത്തെ സംബന്ധിച്ച് ഭയപ്പെടാതെ കഴിയുന്നില്ല."

(رواه احمد وابن ماجه قال العراقي: اسناده حسن)